15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3773 — 27-06-2024 - ൽ മറുപടിയ്ക്ക്

കൊല്ലം മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി"യിൽ ഉൾപ്പെട്ട കൊല്ലം നിയോജകമണ്ഡലത്തിലെ തൃക്കരുവ സ്റ്റേഡിയം നിർമ്മാണത്തിനായി കൊല്ലം ജില്ലാകളക്ടറുടെ 04.03.2024ലെ LSGD/JD/KLM/8363/2023-D5/MLAADS നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് ആനുപാതികമായ തുക കായികവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചു കൊണ്ട് 11.03.2024ലെ എ3-97/24 നമ്പർ ഉത്തരവ് പ്രകാരം കായികയുവജനകാര്യ ഡയറക്ടർ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 14.03.2024 ന് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നല്കുകയും രണ്ട് തവണ ടെണ്ടർ ക്ഷണിക്കുകയും ചെയ്തുവെങ്കിലും കരാറുകാർ ആരും പങ്കെടുക്കാതിരുന്നതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതാണ്. |
| (ബി) | കൊല്ലം ആശ്രാമം മൈതാനത്തിലെ വാക്‌വേയ്ക്ക് സമീപം ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അനുമതി നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊല്ലം ആശ്രാമം മൈതാനത്തിലെ വാക് വേയ്ക്ക് സമീപം ഓപ്പൺ ജിംനേഷ്യം നിർമ്മാണത്തിനായുള്ള 21,04,972/- രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടും പ്ലാൻ ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന്, കൊല്ലം നിയോജക മണ്ഡലത്തിൽ മേൽപ്പറഞ്ഞ കായിക സൗകര്യങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകളുടെ 80% തുക എം എൽ എ ഫണ്ടിൽ നിന്നും നൽകുന്നതാണെന്ന് കൊല്ലം എം.എൽ.എ. അറിയിച്ചിരുന്ന സാഹചര്യത്തിൽ, എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുമതി നൽകേണ്ട വർക്കുകളുടെയും പ്ലാൻ ഫണ്ടിൽ നിന്നും അനുമതി നൽകേണ്ട വർക്കുകളുടെയും എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ